പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *327

15.12.2014-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി: | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ നൽകുകയും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ഓൺലൈനായി നികുതി ഒടുക്കുന്നതിന് 5.20 ലക്ഷം (അഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപ) രൂപ ചെലവാക്കി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിൽ നിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ കഴിയുന്ന സർവ്വീസുകളിൽ എഫ്.എൽ-3 ലൈസൻസ് പുതുക്കൽ, എഫ് എൽ-11 ലൈസൻസ് പുതുക്കൽ എന്നീ രണ്ടിനം സർവ്വീസുകൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ |

(എൻ.ഐ.സി) സർവ്വീസ് പ്ലസ് സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ വെബ് ബേസ്ഡ് സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് വേണ്ടി SeMT തയ്യാറാക്കിയ FRS, URS, Technical Documents എന്നിവ ഐ.ടി വകുപ്പിന്റെ അംഗീകാരത്തിനും സോഫ്റ്റ് വെയർ നിർമ്മാണത്തിന്റെ അനുമതിക്കുമായി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ച് വരികയാണ്. വകുപ്പിൽ ഇ-ഫയലിംഗ്, ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം വകുപ്പിനായി 96 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് വാങ്ങുന്നതിന് ഇ-ടെൻഡറിംഗ് നടപടികൾ പൂർത്തിയായി വരുന്നു.

(ബി) എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റെയ്ഞ്ച്, ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പുതിയ കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റ് ഒഴികെയുള്ള എല്ലാ ഓഫീസുകൾക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും സർക്കാർ ഇ-മെയിൽ ഐ.ഡിയും നൽകിയിട്ടുണ്ട്. ടി സംവിധാനം ഉപയോഗപ്പെടുത്തി എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, റേഞ്ച്, ഡിവിഷൻ ഓഫീസുകൾ എന്നിവ തമ്മിൽ ബന്ധപ്പെട്ടുവരുന്നു.

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി) എക്സൈസ് സംബന്ധമായ ഇടപാടുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. നികുതി വകുപ്പിന്റെ K-vatis Software-നെ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി ഫീസുകൾ ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സിസ്റ്റം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് വഴി ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്. വകുപ്പിൽ നിന്ന് ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ

കഴിയുന്ന സർവ്വീസുകളിൽ എഫ്.എൽ3 ലൈസൻസ് പുതുക്കൽ, എഫ്.എൽ-11 ലൈസൻസ് പുതുക്കൽ എന്നീ 2 ഇനം സർവ്വീസുകൾ എൻ.ഐ.സിയുടെ സർവീസ് പ്ലസ് എന്ന സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക് രൂപത്തിൽ നൽകാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.